Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

10th January 2018

## കൂടരഞ്ഞി പഞ്ചായത്ത് അംഗത്തെ അയോഗ്യയാക്കി.

കോഴിക്കോട്: കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് അംഗം ഗ്രേസി കീലത്തിനെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം, നിലവിൽ അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2018 ജനുവരി 10 മുതൽ ആറു വർഷത്തേക്കാണ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയത്.

രണ്ടായിരത്തി പതിനഞ്ചിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഗ്രേസി കീലത്ത് കേരള കോൺഗ്രസ്(എം) ൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. 14 വാർഡുകളുള്ള കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ യു.ഡി. എഫ്-7, എൽ.ഡി. എഫ്-6, സ്വതന്ത്രൻ-1 എന്നിങ്ങനെയാണ് സീറ്റുകൾ. സ്വതന്ത്രന്റെ പിന്തുണയോടെ യു.ഡി.എഫാണ് പഞ്ചായത്ത് ഭരിക്കുന്നത്.

രണ്ടായിരത്തി പതിനാറ് നവംബർ 21ന് പ്രസിഡന്റിനെതിരേ അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നതിന് കേരള കോൺഗ്രസ്(എം) നോട്ടീസ് നൽകി. തുടർന്ന് പ്രമേയത്തെ അനുകൂലിക്കാൻ കേരള കോൺഗ്രസ് (എം) അംഗങ്ങൾക്ക് ജില്ലാ പ്രസിഡന്റ് വിപ്പ് നൽകി. എന്നാൽ ഗ്രേസി കീലത്ത് പാർട്ടി വിപ്പ് ലംഘിച്ച് വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്ന്, പ്രമേയത്തെ പരാജയപ്പെടുത്താൻ നിലപാട് സ്വീകരിച്ചു. ഈ നടപടികൾക്കെതിരേ സി.പി.ഐ(എം) അംഗം ജിജി കട്ടകയം സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ നടപടി എടുത്തത്.

*(എസ്.ഇ.സി.03/2018)*

Email:
contact.seckerala@gmail.com
electionker@gmail.com

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

05h January 2018

# 20 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി പതിമൂന്ന് ജില്ലകളിലെ 20 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, ജില്ലകളിലെ 17 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ഒരു നഗരസഭ വാർഡിലും വയനാട്, കാസർഗോഡ് ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

അപേക്ഷകളും ആക്ഷേപങ്ങളും ഇന്നു മുതൽ (ജനുവരി 5) 19 വരെ ഓൺ ലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന്-ഫാറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന്-ഫാറം 6, പോളിംഗ് സ്റ്റേഷൻ/വാർഡ് സ്ഥാനമാറ്റം-ഫാറം 7 ലും ഉള്ള അപേക്ഷകൾ ഓൺ ലൈനായി സ്വീകരിക്കും. പേര് ഒഴിവാക്കുന്നതിന് -ഫാറം5 ൽ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ വേണം അപേക്ഷിക്കേണ്ടത്.

അവകാശവാദങ്ങളിന്മേൽ ജനുവരി 29ന് തീർപ്പ് കൽപ്പിച്ച് 30ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2018 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത് നഗരസഭ താലൂക്ക് ഓഫീസുകളിലും പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിലെ പട്ടിക www.lsgelection.kerala.gov.in/eroll ൽ ലഭിക്കും.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത് , വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം-വിളപ്പിൽ-നൂലിയോട്, കൊല്ലം- ഉമ്മന്നൂർ- അണ്ടൂർ, നെടുമ്പന-പുലിയില, പത്തനംതിട്ട- തണ്ണിത്തോട് - മണ്ണീറ, ചെറുകോൽ- മഞ്ഞപ്രമല, ആലപ്പുഴ- എഴുപുന്ന- കുമാരപുരം, തകഴി-കളത്തിൽപാലം, കോട്ടയം-മുത്തോലി-തെക്കുംമുറി നോർത്ത്, എറണാകുളം- രാമമംഗലം- നെട്ടൂപാടം, വടവുകോട്പുത്തൻകുരിശ്- കരിമുകൾ നോർത്ത്, തൃശൂർ- എളവള്ളി-പറയ്ക്കാട് , ചാഴൂർ-പഴുവിൽനോർത്ത്, പാലക്കാട്- കുലുക്കല്ലൂർ- മപ്പാട്ടുകര വെസ്റ്റ്, മലപ്പുറം- തവന്നൂർ- കൂരട, വെട്ടം-കോട്ടേക്കാട്, വയ നാട്-തിരുനെല്ലി-അപ്പപ്പാറ, കണ്ണൂർ- പേരാവൂർ-പേരാവൂർ.

കോഴിക്കോട് കൊടുവള്ളി നഗരസഭയിലെ തലപ്പെരുമണ്ണ വാർഡ്, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ പടിഞ്ഞാറത്തറ വാർഡ്( പടിഞ്ഞാ റത്തറ ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4, 10, 11 12, 13, 14, 16 വാർഡുകൾ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് അമ്പലത്തുകര വാർഡ് (മടിക്കൈ ഗ്രാമപഞ്ചായത്തിലെ 2, 10, 11, 12, 13, 14, 15 വാർഡുകൾ, അജാനൂർ ഗ്രാമപഞ്ചായത്തിലെ 9, 10 വാർഡുകൾ) ലുമാണ് വോട്ടർ പട്ടിക പുതുക്കുന്നത്.

.

*(എസ്.ഇ.സി.02 /2018)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

05th January 2018

## കുന്നത്തൂർ പഞ്ചായത്തിലെ രണ്ട് പേരെ അയോഗ്യരാക്കി.

കൊല്ലം: കുന്നത്തൂർ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ രാജശേഖരൻ പിള്ള.പി.എസ്, സതി ഉദയകുമാർ എന്നിവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം, നിലവിൽ അംഗമായി തുടരുന്ന തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2018 ജനുവരി 3 മുതൽ ആറു വർഷത്തേക്കാണ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയത്.

രണ്ടായിരത്തി പതിനഞ്ചിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതുതെര ഞ്ഞെടുപ്പിൽ രാജശേഖരൻ പിള്ള.പി.എസ്, സി.പി.ഐ പിന്തുണയോടെ സ്വതന്ത്രനായും സതി ഉദയകുമാർ സി.പി.ഐ അംഗമായുമാണ് തെരഞ്ഞെടുക്കപ്പെട്ടത്. നിലവിലെ പഞ്ചാ യത്ത് പ്രസിഡന്റ് രാജിവച്ചതിനെ തുടർന്ന് വന്ന ഒഴിവിലേക്ക് 2016 ആഗസ്റ്റ് 10ന് നടന്ന തെരഞ്ഞെടുപ്പിൽ എ.ദിലീപ് എൽ.ഡി.എഫിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ചു. രാജശേഖരൻ പിള്ള.പി.എസ്, സതി ഉദയകുമാർ എന്നിവരോട് എ.ദിലീപിന് വോട്ടു ചെയ്യാൻ സി.പി.ഐ കൊല്ലം ജില്ലാ സെക്രട്ടറി പാർട്ടി വിപ്പ് നൽകി. പാർട്ടി വിപ്പ് ലംഘിച്ച് രാജശേഖരൻ പിള്ളയും സതി ഉദയ കുമാറും വോട്ടെടുപ്പിൽ നിന്നും വിട്ടു നിന്നുകൊണ്ട് എതിർ സ്ഥാനാർത്ഥിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചു. ഈ നടപ ടികൾക്കെതിരേ സി.പി.ഐ(എം) അംഗം ബീന.വി സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഇവർക്കെതിരെ നടപടി എടുത്തത്.

*(എസ്.ഇ.സി.01 /2018)*